# പതിനഞ്ചാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.82

## 22.07.2021 ൽ മറുപടി നൽകേണ്ടത്

### സാമൂഹ്യസുരക്ഷാ പെൻഷൻ

**ചോദ്യം**
ശ്രീ. ടി.ഐ.മധുസൂദനൻ

**മറുപടി**
കെ.എൻ.ബാലഗോപാൽ
ധനകാര്യ വകുപ്പ് മന്ത്രി

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | സാമൂഹ്യസുരക്ഷ പെൻഷന്റെ അർഹതാമാനദണ്ഡത്തിൽ വരുമാനപരിധി എത്രയാണ്; | സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിനുള്ള വരുമാന പരിധി നിലവിൽ ഒരു ലക്ഷം രൂപയാണ്. |
| (ബി) | ഒരു വ്യക്തിക്ക് വ്യത്യസ്തമായ രണ്ട് പെൻഷൻ ലഭിക്കാൻ അർഹത ഉണ്ടോ; | പൊതുവായി അർഹതയില്ല. എന്നാൽ വികലാംഗർ, 06.02.2017 മുൻപ് രണ്ട് പെൻഷൻ വാങ്ങിവന്നിരുന്നവർ, തനതു ഫണ്ടുപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾ, ഇ.പി.എഫ്. പെൻഷൻ ലഭിക്കുന്നവർ, 4000 രൂപവരെ എക്സ്ഗ്രേഷ്യ/ എൻ.പി.എസ്. പെൻഷനുകൾ ലഭിക്കുന്നവർ എന്നിവർക്ക് മറ്റ് അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി രണ്ട് പെൻഷന് അർഹതയുണ്ട്. |
| (സി) | സാമൂഹ്യസുരക്ഷ പെൻഷൻ ലഭിക്കുന്നവർക്ക് ക്ഷേമനിധി ബോർഡുകളിൽ നിന്നുള്ള പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടോ; | 06/02/2017-നു മുൻപ് സാമൂഹ്യ സുരക്ഷാ പെൻഷനും ക്ഷേമനിധി ബോർഡ് പെൻഷനും വാങ്ങിവരുന്ന-വർക്ക് ക്ഷേമനിധി ബോർഡ് പെൻഷൻ സാധാരണ നിരക്കിലും ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ 600/- രൂപ നിരക്കിലും ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്.<br><br>06/02/2017 മുതൽ ഏതെങ്കിലും ഒരു പെൻഷന് (ക്ഷേമനിധി ബോർഡ് പെൻഷനോ സാമൂഹ്യ സുരക്ഷാ പെൻഷനോ) മാത്രമേ അർഹത - യുണ്ടായിരിക്കുകയുള്ളു.<br><br>തനതു ഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡ് ഗുണഭോക്താക്കൾക്ക് മറ്റൊരു സാമൂഹ്യ സുരക്ഷാപെൻഷൻ 600/- രൂപ |

| | | |
|---|---|---|
| | | നിരക്കിൽ ലഭിക്കുന്നതാണ്. 06/07/2018 ന് മുമ്പ് സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കപ്പെട്ടവർക്ക് ലഭിച്ചു വന്നിരുന്ന ഉയർന്ന നിരക്കിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ തുടർന്നും ലഭിക്കുന്നതാണ്. |
| (ഡി) | പി.എഫ്. പെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യസുരക്ഷ പെൻഷന് അപേക്ഷിക്കാൻ കഴിയുമോ? | പ്രതിമാസം 4000/- രൂപ വരെ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നവർക്ക് അർഹതാ മാനദണ്ഡങ്ങൾക്കു വിധേയമായി സാമൂഹ്യ സുരക്ഷാ പെൻഷൻ / ക്ഷേമനിധി ബോർഡ് പെൻഷൻ നിലവിലുള്ള പുതുക്കിയ നിരക്കിലും, പ്രതിമാസം 4000/- രൂപയ്ക്കു മുകളിൽ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ/ ക്ഷേമനിധി ബോർഡ് പെൻഷൻ 600/- രൂപ നിരക്കിലും ലഭിക്കുന്നതിന് അർഹതയുണ്ട്. |

സെക്ഷൻ ഓഫീസർ